# Athmaraksha.org

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## വൈദികൻ വിഗ്രഹാരാധകനാകുന്നത് എപ്പോൾ ? - പാപ്പാ



തിങ്കളാഴ്ച സാന്താ മാർത്തയിൽവച്ചുള്ള കുർബാനയ്ക്കിടെ ഫ്രാൻസിസ് പാപ്പാ പൗരോഹിത്യത്തെക്കുറിച്ച് സംസാരിച്ചു. ഒരു നല്ല വൈദികൻ ദൈവജനത്തിനുവേണ്ടി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടവനാണ്. അങ്ങനൊരാൾക്ക് യേശുവുമായി അടുത്ത ബന്ധമുണ്ടായിരിക്കും. "ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധം നഷ്ടപ്പെട്ടാൽ വൈദികൻ വെറും വിഗ്രഹാരാധകനായി മാറും. ആത്മാനുരാഗിയും."

യോഹന്നാന്റെ ലേഖനത്തിൽ നിന്നായിരുന്നു ആദ്യത്തെ വായന. അതിനെ ആസ്പദമാക്കി പാപ്പാ പറഞ്ഞു. "പുരോഹിതന്റെ ശക്തി ക്രിസ്തുവുമായുള്ള ബന്ധത്തിലാണ്. ഈശോയ്ക്ക് ജനപിന്തുണ വർദ്ധിച്ച് വന്നപ്പോൾ അവൻ മരുഭൂമിയിലേയ്ക്ക് പിൻവാങ്ങി പിതാവിനോടു സംസാരിച്ചിരുന്നു."

പൗരോഹിത്യത്തിന്റെ ഉരകല്ല് യേശുവുമായുള്ള ബന്ധമാണെന്ന് പാപ്പാ പറഞ്ഞു. "എന്റെ പൗരോഹിത്യജീവിതത്തിൽ യേശുവിനുള്ള സ്ഥാനമെന്താണ്?" ഒരു ശിഷ്യന് ഗുരുവിനോടുള്ള സജീവബന്ധമാണോ അത്? അതോ സഹോദരന് സഹോദരരോടുള്ള ബന്ധമോ? ഒരു നിസ്വന് ദൈവത്തോടുള്ള ബന്ധമോ? അതോ ഹൃദയത്തിൽനിന്നും മുളപൊട്ടാത്ത കൃത്രിമബന്ധമാണോ അത്?"

"ദൈവാത്മാവിലാണ് നാം അഭിഷിക്തരായിരിക്കുന്നത്. എന്നാൽ ക്രിസ്തുവിൽ നിന്നും നാം അകന്നാൽ നമുക്ക് ഈ അഭിഷേകം നഷ്ടപ്പെടും. അഭിഷിക്തൻ എന്നതിനു പകരം നാം വെറും സ്തുതിപാഠകനും മധുരവചനക്കാരനുമായി അധഃപതിക്കും. ഇത്തരം പുരോഹിതർ സഭയ്ക്ക് എന്ത് അപകടമാണ് ചെയ്യുന്നതെന്നോ! ഇവർ 'ചിത്രശലഭ' വൈദികരാണ്; പൊങ്ങച്ചക്കാരാണ്. ഇത്തരക്കാർക്ക് ക്രിസ്തുവുമായി യഥാർത്ഥത്തിൽ ബന്ധമില്ല."
"വൈദികരായ നമുക്ക് വളരെയേറെ കുറവുകളുണ്ട്. നമ്മൾ പാപികളാണ്. എന്നാൽ നമ്മൾ ക്രിസ്തുവിലേയ്ക്കു തിരിയുമെങ്കിൽ, പ്രാർത്ഥനയിൽ അവനിൽ ശരണം തേടുന്നുവെങ്കിൽ പാപികളാണെങ്കിലും നമ്മൾ നല്ല വൈദികരായിത്തീരും. എന്നാൽ നമ്മൾ യേശുവിൽനിന്നും അകലെയാണെങ്കിൽ അവന് പകരമായി നമ്മൾ മറ്റു പലതിനെയും നമ്മുടെ ജീവിതത്തിലേയ്ക്ക് പ്രവേശിപ്പിക്കും...."

"വൈദികരായി ജീവിതം സമർപ്പിച്ചവരെ കാണുക സന്തോഷകരമാണ്. മറിച്ച് വിഗ്രഹാരാധകരായ

വൈദികരെ ജനം തിരിച്ചറിയും. അതായത് യേശുവിന് പകരം ചെറിയ ചെറിയ വിഗ്രഹങ്ങളെ കൊണ്ടുനടക്കുന്നവരെ. ഇവർ ആത്മാനുരാഗികളാണ്. യേശുവുമായുള്ള ബന്ധമാണ് നമ്മളെ ഇത്തരം വിഗ്രഹാരാധനയിൽനിന്നും രക്ഷിക്കുന്നത്. നമ്മുടെ അഭിഷേകത്തിൽ നമ്മെ നിലനിർത്തുന്നതും ഈ ബന്ധംതന്നെയാണ്.

''ഇന്ന് എന്നോടൊപ്പം ബലിയർപ്പിക്കുന്ന നിങ്ങളിലുള്ള എന്റെ പ്രത്യാശ ഇതു തന്നെയാണ്. ജീവിതത്തിൽ മറ്റ് എന്ത് നഷ്ടപ്പെട്ടാലും യേശുവുമായുള്ള ബന്ധം നിങ്ങൾ നഷ്ടപ്പെടുത്തരുത്. അതാണ് നിങ്ങളുടെ വിജയം. അതുമായി നിങ്ങൾ മുന്നോട്ടു പോകുക.''